# യോഹന്നാൻ എഴുതിയ മൂന്നാംലേഖനം

1 സഭാമുഖ്യനായ ഞാൻ,

സത്യമായി സ്നേഹിക്കുന്ന പ്രിയ ഗായൊസിന്, എഴുതുന്നത്:

2 പ്രിയനേ, നീ ആത്മാവിൽ ബലവാനായി
ഇരിക്കുന്നതുപോലെതന്നെ എല്ലാ
കാര്യങ്ങളിലും ആരോഗ്യവും അഭിവൃദ്ധിയും
ഉള്ളവനായിരിക്കണമെന്ന് ഞാൻ പ്രാർഥിക്കുന്നു.
3 നീ സത്യം അനുസരിച്ചു ജീവിക്കുന്നു എന്ന്, നിന്റെ
സത്യസന്ധതയെപ്പറ്റി ചില സഹോദരന്മാർവന്ന്
സാക്ഷ്യം പറഞ്ഞപ്പോൾ ഞാൻ ഏറ്റവുമധികം
ആനന്ദിച്ചു. 4 എന്റെ മക്കൾ സത്യം അനുസരിച്ച്
ജീവിക്കുന്നു എന്നു കേൾക്കുന്നതിലും അധികം
ആനന്ദം എനിക്കു വേറെയില്ല.
5 പ്രിയനേ, സഹോദരങ്ങൾക്ക്, അവർ
അപരിചിതരാണെങ്കിൽപോലും നീ
അവർക്കുവേണ്ടി അധ്വാനിക്കുന്നതിലൊക്കെയും
വിശ്വസ്തനായിരിക്കുന്നു. 6 അവർ നിന്റെ
സ്നേഹത്തെപ്പറ്റി സഭയുടെമുമ്പാകെ
സാക്ഷ്യം പറഞ്ഞിരിക്കുന്നു. നീ അവർക്ക്
ആവശ്യമുള്ളതു നൽകി ദൈവമഹത്ത്വത്തിനു
അനുയോജ്യമാംവിധം യാത്രയയയ്ക്കുന്നതു
നന്നായിരിക്കും. 7 യെഹൂദേതരരിൽനിന്ന്

ഒരു സഹായവും വാങ്ങാതെ അവർ യാത്ര
പുറപ്പെട്ടത് കർത്താവിന്റെ നാമംനിമിത്തം
ആയിരുന്നല്ലോ. 8 അതുകൊണ്ട്, സത്യത്തിനു
സഹപ്രവർത്തകരാകേണ്ടതിനു നാം
ഇങ്ങനെയുള്ളവരെ സൽക്കരിക്കേണ്ടതാകുന്നു.
9 സഭയ്ക്കു ഞാൻ എഴുതിയിരുന്നു. എന്നാൽ
അവരിൽ ഒന്നാമനാകാൻ ആഗ്രഹിക്കുന്ന
ദിയൊത്രെഫേസ് ഞങ്ങളെ അംഗീകരിക്കുന്നില്ല.
10 അതുകൊണ്ടു ഞാൻ വന്നാൽ, ഞങ്ങളെ
ദുഷിച്ച് അപവാദം പറയുന്ന അയാളുടെ
പ്രവൃത്തി എല്ലാവരുടെയും ശ്രദ്ധയിൽ
കൊണ്ടുവരും. അയാൾ ആ പ്രവൃത്തികൊണ്ടും
തൃപ്തനാകില്ലെന്നുമാത്രമല്ല, സഹോദരന്മാരെ
സ്വീകരിക്കാൻ വിസമ്മതിക്കുകയും,
അതിനു താത്പര്യപ്പെടുന്നവരെ തടയുകയും
സഭയിൽനിന്നു പുറത്താക്കുകയുംചെയ്യുന്നു.
11 പ്രിയനേ, നന്മയല്ലാതെ തിന്മ
അനുകരിക്കരുത്. നന്മ ചെയ്യുന്നവൻ
ദൈവത്തിൽനിന്നുള്ളവൻ ആകുന്നു,
തിന്മചെയ്യുന്നവനോ ദൈവത്തെ
അറിഞ്ഞിട്ടുമില്ല.* 12 ദെമേത്രിയൊസിന്
എല്ലാവരാലും, സത്യത്താൽത്തന്നെയും നല്ല
സാക്ഷ്യം ലഭിച്ചിട്ടുണ്ട്; ഞങ്ങളും സാക്ഷ്യം
പറയുന്നു. ഞങ്ങളുടെ സാക്ഷ്യം സത്യമെന്ന്
നിനക്കറിയാമല്ലോ.

13 നിനക്കായി എഴുതാൻ ധാരാളം ഉണ്ടെങ്കിലും
മഷിയും പേനയും ഉപയോഗിക്കാൻ ഞാൻ

* **1:11** മൂ.ഭാ. കണ്ടിട്ടില്ല

ആഗ്രഹിക്കുന്നില്ല. 14 ഉടനെ നിന്നെ കാണാമെന്നു
ഞാൻ പ്രതീക്ഷിക്കുന്നു. അപ്പോൾ നമുക്ക്
മുഖാമുഖമായി സംസാരിക്കാം.

15 നിനക്കു സമാധാനം.

സ്നേഹിതർ നിന്നെ അഭിവാദനംചെയ്യുന്നു. സ്നേഹിതരെ ആളാംപ്രതി അഭിവാദനം അറിയിക്കുക.

# Biblica® സ്വതന്ത്രം സമകാലിക മലയാളവിവർത്തനം 2020

## Malayalam: Biblica® സ്വതന്ത്രം സമകാലിക മലയാളവിവർത്തനം 2020 (Bible) of India

copyright © 2021 Biblica, Inc.

Language: മലയാളം

Contributor: Biblica, Inc.

This work is made available under the Creative Commons Attribution-ShareAlike 4.0 International License (CC BY-SA). To view a copy of this license, visit http://creativecommons.org/licenses/by-sa/4.0 or send a letter to Creative Commons, PO Box 1866, Mountain View, CA 94042, USA.

Biblica® is a trademark registered by Biblica, Inc., and use of the Biblica® trademark requires the written permission of Biblica, Inc. Under the terms of the CC BY-SA license, you may copy and redistribute this unmodified work as long as you keep the Biblica® trademark intact. If you modify a copy or translate this work, thereby creating a derivative work, you must remove the Biblica® trademark. On the derivative work, you must indicate what changes you have made and attribute the work as follows: "The original work by Biblica, Inc. is available for free at www.biblica.com and open.bible."

Notice of copyright must appear on the title or copyright page of the work as follows:

Biblica® സമകാലിക മലയാള സ്വതന്ത്ര വിവർത്തനം™

പകർപ്പവകാശം © 1997, 2005, 2017, 2020 Biblica, Inc.

Biblica® Open Malayalam Contemporary Version™

Copyright © 1997, 2005, 2017, 2020 by Biblica, Inc.

Biblica®എന്നത് അമേരിക്കന് ഐക്യനാടുകളുടെ (USA) പേറ്റന്റ് ആന്റ് ട്രേഡ്മാര്ക്ക് ഓഫീസില് Biblica, Inc.നാല് രജിസ്റ്ററ് ചെയ്യപ്പെട്ടിരിക്കുന്നു. അനുവാദത്തോടുകൂടി ഉപയോഗിച്ചിരിക്കുന്നു.

"Biblica" is a trademark registered in the United States Patent and Trademark Office by Biblica, Inc. Used with permission.

You must also make your derivative work available under the same license (CC BY-SA).

If you would like to notify Biblica, Inc. regarding your translation of this work, please contact us at https://open.bible/contact-us.

This translation is made available to you under the terms of the Creative Commons Attribution Share-Alike license 4.0.

You have permission to share and redistribute this Bible translation in any format and to make reasonable revisions and adaptations of this translation, provided that:

You include the above copyright and source information.

If you make any changes to the text, you must indicate that you did so in a way that makes it clear that the original licensor is not necessarily endorsing your changes.

If you redistribute this text, you must distribute your contributions under the same license as the original.

Pictures included with Scriptures and other documents on this site are licensed just for use with those Scriptures and documents. For other uses, please contact the respective copyright owners.

Note that in addition to the rules above, revising and adapting God's Word involves a great responsibility to be true to God's Word. See Revelation 22:18-19.

2021-11-15

---

PDF generated using Haiola and XeLaTeX on 21 Feb 2024 from source files dated 16 Nov 2021
481fa3b4-7f70-5045-8f10-f791f464be8d